# ലോക പൈതൃക വാരം


19 - 25 നവംബർ 2022


എന്റെ പൈതൃകം



# ഹെറിറ്റേജ് മൊബൈൽ ഫോട്ടോഗ്രാഫി

നവംബർ 19 – ഡിസംബർ 19





## മുസിരിസ് പൈതൃക പദ്ധതി

മുസിരിസ് ഇന്റർനാഷണൽ റിസർച്ച് & കൺവെൻഷൻ സെന്റർ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
ഫോൺ : +91 480 2807717

www.muzirisheritage.org muzirisheritage muziris@keralatourism.org




ലോക പൈതൃക വാരം എല്ലാ വർഷവും നവംബർ 19 മുതൽ നവംബർ 25 വരെ, സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ലോകമെമ്പാടും യുനെസ്കോ ആചരിച്ചുവരുന്നു. സാംസ്കാരിക പൈതൃകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾ ഇത് വിപുലമായി ആഘോഷിക്കാറുണ്ട്. സമ്പന്നമായതും വൈവിധ്യമാർന്നതുമായ നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ വാരം ആഘോഷിക്കുന്നത്. 'മുസിരിസ്'– കേരളക്കരയെ വിദേശരാജ്യങ്ങളുമായി ബന്ധിപ്പിച്ചു നിർത്തിയ പ്രാചീന തുറമുഖം. റോമക്കാർ, അറബികൾ, ചൈനാക്കാർ നൂറ്റാണ്ടുകൾക്ക് ശേഷം പോർച്ചുഗീസുകാരും, ഡച്ചുകാരും തുടങ്ങിയവരും വന്നുചേർന്നത് ഇവിടെയാണ്. ഈ പ്രദേശത്തെ ചരിത്രപരവും സാംസ്കാരികപരവുമായ നേർക്കാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള സർക്കാർ വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ രൂപം നൽകിയതാണ് മുസിരിസ് പൈതൃക പദ്ധതി. മധ്യകേരളത്തിലെ വടക്കൻ പറവൂർ തുടങ്ങി കൊടുങ്ങല്ലൂർ– മതിലകം വരെയുള്ള പ്രദേശങ്ങളിലെ മുപ്പതോളം പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും പദ്ധതി സംരക്ഷിച്ചു വരുന്നു. മധ്യകേരള ചരിത്രത്തിന്റെ ഒരു നേർക്കാഴ്ച ഓരോ വിദ്യാർത്ഥിക്കും പകർന്നു നൽകുവാൻ സാധിക്കുന്ന തരത്തിലുള്ള അനൗപചാരിക വിദ്യാഭാസം കൂടി പദ്ധതി ലക്ഷ്യമിടുന്നു.

**പൈതൃകം:**

പൈതൃകമെന്നാൽ ഒരു ജനത വസിക്കുന്ന ദേശത്തിന്റെ ചരിത്രമെന്നർത്ഥം. ആ ജനതയുടെ രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, മതപരം, സാംസ്കാരികം തുടങ്ങിയ സമസ്ത മേഖലകളുടെയും പ്രാരംഭം മുതൽ പരിണാമ ഘട്ടങ്ങളിലൂടെയുള്ള വർത്തമാനകാലത്തിലെത്തി നിൽക്കുന്ന ഇതുവരെയുള്ള ചരിത്രം അതിൽപ്പെടും. ഐതിഹ്യവും മിത്തും ഉൾപ്പെടെ ഇന്നലെകളുടെ പെരുമയിൽ ഇന്നു ശേഷിക്കുന്നതെന്തും പൈതൃക അവശേഷിപ്പുകളാണ്. സാംസ്കാരിക പൈതൃകം, പ്രകൃതിദത്ത പൈതൃകം എന്ന് പൈതൃകത്തെ രണ്ടായി തരംതിരിക്കാവുന്നതാണ്. സാംസ്കാരിക പൈതൃകം മാത്രാമാണ് മത്സരത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## പൈതൃക വാരത്തിന്റെ ലക്ഷ്യം

കേരളത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പൈതൃക കാഴ്ചകൾ ഫോട്ടോഗ്രാഫിയിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും അതോടോപ്പം തന്നെ സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികളിലെ അമേച്വർ ഫോട്ടോഗ്രാഫർമാരെ പ്രോത്സാഹിപ്പിക്കാനുമായി ലോക പൈതൃക വാരത്തിൽ മുസിരിസ് പൈതൃക പദ്ധതി അവതരിപ്പിക്കുന്നതാണ് 'എന്റെ പൈതൃകം' എന്ന മൊബൈൽ ഫോട്ടോഗ്രാഫി മത്സരം. അന്യം നിന്നു പോകുന്ന പരമ്പരാഗത വിജ്ഞാന സ്രോതസുകളെ പുനരുജ്ജീവിപ്പിക്കുന്നതിൽ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ പങ്ക് ഉറപ്പാക്കുക എന്നു കൂടി പരിപാടി ലക്ഷ്യമിടുന്നു.

# ലോക പൈതൃക വാരത്തിൽ മുസിരിസ് പൈതൃക പദ്ധതിയുടെ പ്രാധാന്യം

കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഇന്ന് കാണുന്ന  പഴയ പട്ടണങ്ങളിലും പുരാതന മനുഷ്യ വാസസ്ഥലങ്ങളിലുമാണ് എന്ന് ഒട്ടുമിക്ക ചരിത്രകാരന്മാരും വിശ്വസിച്ചു പോരുന്നു. ഇത്തരത്തിൽ 2500 വർഷങ്ങൾക്ക് മുൻപ് വിദേശീയരെ ആകർഷിച്ച ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായിരുന്നു മുസിരിസ്. ഈ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാംസ്കാരിക പൈതൃകത്തിന്റെ അവശേഷിപ്പുകൾ ഇന്നും മായാതെ ഈ പ്രദേശങ്ങളിൽ തന്നെ വിവിധ സാമൂഹിക വ്യവസ്ഥകൾക്ക് അടിസ്ഥാനമായി നിലനിന്നു പോരുന്നുണ്ട്. ഇത്തരത്തിൽ നിലനിന്നിരുന്ന ഐതിഹാസിക തുറമുഖ നഗരമായ മുസിരിസ് അഥവ മുചിരിപട്ടണത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യം പുനഃസ്ഥാപിക്കുന്നതിനായാണ് കേരള സർക്കാർ വിനോദ സഞ്ചാരവകുപ്പിന്റെ കീഴിലായുള്ള മുസിരിസ് പൈതൃക പദ്ധതി ഒരു ജനകീയ സംരംഭമായി തുടക്കമിട്ടത്. പ്രാദേശിക സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുക, പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത വ്യവസായങ്ങളെയും കരകൗശല തൊഴിലാളികളെയും സംരക്ഷിക്കുക എന്നിവയും  ഇതിൽപെടുന്നു. പറവൂർ/ കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പുരാതന ക്ഷേത്രങ്ങൾ, യൂറോപ്യൻ  കോട്ടകൾ, രാജകീയ കൊട്ടാരങ്ങൾ, ക്രിസ്ത്യൻ സെമിനാരികൾ, ജൂതശ്മശാനങ്ങൾ, പരമ്പരാഗത ബോട്ട് നിർമ്മാണ യാർഡുകളും മൽസ്യബന്ധന രീതികളും, പുരാതന ചന്തകൾ എന്നിവയെ സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് പൈതൃക സംരക്ഷണ അവബോധനത്തിന്റെ പ്രാധാന്യം മുസിരിസ്  പദ്ധതിയിലൂടെ നടപ്പിലാക്കാൻ നിലവിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതി പ്രദേശങ്ങളിൽ നിലനിൽക്കുന്ന പുരാവസ്തു പൈതൃക പ്രദേശങ്ങളും, സ്മാരകങ്ങളും പദ്ധതിയുടെ മേൽനോട്ടത്തിൽ 2500 വർഷത്തിന്റെ കേരളചരിത്രം ഒരു അനൗപചാരിക രീതിയിൽ പൊതുജങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ദൃശ്യാനുഭവത്തോടുകൂടി വിശദീകരിച്ചു കൊടുക്കുന്ന രീതിയിലുള്ള പല വിഭാഗങ്ങളിൽ പെടുന്ന മ്യൂസിയങ്ങൾ ആക്കി പരിവർത്തനം ചെയ്തിരിക്കുകയാണ്.

അത്തരത്തിലുള്ള 29 ഓളം മ്യൂസിയങ്ങൾ പദ്ധതി പ്രദേശത്തു ഇന്ന് നിലനിൽക്കുന്നു. ഇതൊരു പൈതൃക സംരക്ഷണ രീതിയാണ്. അതേപോലെതന്നെ ലോക പൈതൃക വാരത്തിന്റെ ലക്ഷ്യം സാധൂകരിക്കുന്ന രീതിയിലുള്ള ജോലികൾ ആണ് ഇന്ന് മുസിരിസ് പൈതൃക പദ്ധതി കേരളത്തിൽ ഉടനീളം നടത്തിപ്പോരുന്നത്. പൈതൃക വാരത്തിൽ പദ്ധതി സംഘടിപ്പിക്കുന്ന ഈ ഫോട്ടോഗ്രാഫി മത്സരം ഇതിനു ഉത്തമ ഉദാഹരണമാണ്. കേരള സംസ്ഥാനത്തിലെ പതിനാലോളം വരുന്ന ജില്ലകളിലെ പ്രദേശങ്ങളുടെ അമൂല്യങ്ങളായ പൈതൃക അവശേഷിപ്പുകൾ വിദ്യാർഥികളിലൂടെ കണ്ടെത്തി അതിലൂടെ പൈതൃക സംരക്ഷണത്തിന്റെ പ്രാധാന്യം പോതുജന മനസ്സുകളിലേക്ക് എത്തിച്ച് പൈതൃക സംരക്ഷണത്തിന്റെ ആദ്യ പടി നടപ്പിലാക്കുന്ന രീതിയിലാണ് പദ്ധതി പ്രോഗ്രാം സംഘടിപ്പിക്കുന്നത്.



# മത്സരവിഭാഗങ്ങൾ

## മൊബൈൽ ഫോട്ടോഗ്രാഫി

പ്രത്യക്ഷ (തൊട്ടു കാണിക്കാൻ ആവുന്ന)/ പരോക്ഷ (തൊട്ടു കാണിക്കാൻ ആവാത്ത) പൈതൃകം/ മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തെ സ്മാരകങ്ങളും ചരിത്രപ്രസിദ്ധ പ്രദേശങ്ങളും

## മാനദണ്ഡങ്ങളും നിബന്ധനകളും

- ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.
- മൊബൈൽ ഫോട്ടോഗ്രഫിയിലാണ് മത്സരം തീരുമാനിച്ചിരിക്കുന്നത്.
- മത്സരത്തിന് പങ്കെടുക്കുന്നതിൽ ഫീസ് ഈടാക്കുന്നതല്ല.
- ഫോട്ടോഗ്രഫി മത്സരത്തിൽ ആൻഡ്രോയിഡ്/സ്മാർട്ട് ഫോണുകൾ മാത്രമാണ് ഉപയോഗിക്കേണ്ടത്. ഒരു വിദ്യാർത്ഥിക്ക് ഒരു ചിത്രം മാത്രമേ മത്സരത്തിൽ അനുവദിക്കൂ.
- വിദ്യാർത്ഥികൾ അവരവരുടെ 'പഞ്ചായത്തിൽ' ഉൾപ്പെടുന്ന പൈതൃക പ്രദേശങ്ങൾ അല്ലെങ്കിൽ മറ്റു പുരാവസ്തുക്കൾ ആണ് ഫോട്ടോഗ്രഫി മത്സരത്തിനായി എടുക്കേണ്ടത്. എടുക്കുവാൻ സാധിക്കുന്ന ചിത്രങ്ങളുടെ പട്ടിക മത്സര വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മൊബൈൽ ഫോട്ടോഗ്രഫി വിഭാഗത്തിൽ എടുക്കുന്ന ചിത്രങ്ങൾക്ക് തലക്കെട്ടും, 10 വാചകത്തിൽ കുറയാത്ത രീതിയിലുള്ള വിവരണവും നൽകേണ്ടതാണ്.
- മൊബൈൽ ചിത്രങ്ങൾ jpeg ഫോർമാറ്റിൽ (1.3mb to 2mb) സ്വയം സാക്ഷ്യപ്പെടുത്തിയ ഫോമോടു കൂടി whwmuziris2022@gmail.com എന്ന ഇമെയിൽ അഡ്രസ്സിലേക്ക് അയച്ചു തരേണ്ടതാണ്. പ്രത്യേകമായ ഇഫക്റ്റുകൾ ഉള്ള ആപ്ലിക്കേഷൻ ഉപയോഗിച്ച് എടുത്ത ചിത്രങ്ങൾ അല്ലെങ്കിൽ കൃത്രിമമായ മാറ്റങ്ങൾ വരുത്തിയ ചിത്രങ്ങൾ മത്സരത്തിൽ ഉൾപ്പെടുത്തുന്നതല്ല.
- അപേക്ഷകൻ സമർപ്പിച്ച മൊബൈൽ ഫോട്ടോഗ്രാഫിൽ/ മത്സരാർത്ഥിയെകുറിച്ചോ മറ്റേതെങ്കിലും വ്യക്തിയെക്കുറിച്ചോ വ്യക്തിപരമായി തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.
- പുരസ്കാരത്തിന് അർഹമായ ഫോട്ടോഗ്രാഫർമാരെ മുസിരിസ് പൈതൃക പദ്ധതിയുടെ ഓഫീസിൽ നിന്നും ഫോൺ/ ഇമെയിൽ വഴി അറിയിക്കുന്നതാണ്.

## മത്സരഫലം – മാനദണ്ഡങ്ങൾ: മൊബൈൽ ഫോട്ടോഗ്രാഫി

- വിഷയത്തിനുള്ള പ്രസക്തി: മത്സരിക്കുന്ന വിഭാഗത്തിലെ മാനദണ്ഡങ്ങൾ ഫോട്ടോയിൽ എത്രത്തോളം വ്യക്തമാകുന്നു.
- ഫോട്ടോയിലെ സംയോജന രീതി: ഫോട്ടോയിൽ ശ്രദ്ധ ആകർഷിക്കുന്ന ഘടകങ്ങളുടെ സംയോജനം.
- സർഗ്ഗശക്തി: രസകരമായ രീതിയിൽ വെളിച്ചം ഉപയോഗപ്പെടുത്തി ഉദ്ദേശ വിഷയം അതുല്യമായ രീതിയിൽ പ്രത്യേകമായ വീക്ഷണകോണിൽ നിന്ന് ചിത്രീകരിച്ചിരിക്കുന്നു.
- സാങ്കേതിക ഗുണനിലവാരം: ഫോക്കസ്, ചിത്രത്തിൽ ഉപഗോയിച്ചിരിക്കുന്ന വെളിച്ചം
- മൊത്തത്തിലുള്ള മതിപ്പ്: കാഴ്ചക്കാരന്റെ/വിധികർത്താവിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിവുള്ള ഘടകം അടങ്ങിയ ചിത്രം

## മൊബൈൽ ഫോട്ടോഗ്രാഫി സമർപ്പണത്തിന്റെ വിശദാംശങ്ങൾ:

മത്സരത്തിനായുള്ള ചിത്രങ്ങൾ മുകളിൽ സൂചിപ്പിച്ച നിർദേശപ്രകാരം whwmuziris2022@gmail.com എന്ന ഇമെയിലിലേക്ക് 2022 ഡിസംബർ 19 തിങ്കളാഴ്ച വൈകുന്നേരം 5 മണിക്ക് മുൻപായി താഴെപറയുന്ന വിശദാംശങ്ങൾക്കൊപ്പം അയക്കേണ്ടതാണ്. മുസിരിസ് പൈതൃക പദ്ധതി സംഘടിപ്പിക്കുന്ന പ്രസ്തുത മത്സരവുമായി ബന്ധപ്പെട്ടുള്ള

കൂടുതൽ വിവരങ്ങൾക്ക്
**0480-2807717**
എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

പൈതൃക സംരക്ഷണത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കു പങ്കെടുക്കാവുന്ന അപൂർവ സന്ദർഭങ്ങളിലൊന്നാകും ഈ പൈതൃക വാരം. ഈ ആഘോഷത്തിൽ കേരളത്തിന്റെ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട് മുകളിൽ പരാമർശിക്കപ്പെട്ട പ്രോഗ്രാമിലൂടെ പൈതൃക സംരക്ഷണത്തിന്റെ അനിവാര്യത പുതുതലമുറക്ക് പകർന്നു നൽകാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകളുടെ അമൂല്യങ്ങളായ പൈതൃക അവശേഷിപ്പുകൾ വിദ്യാർത്ഥികളിലൂടെ കണ്ടെത്തുവാനും അതിലൂടെ പൈതൃക സംരക്ഷണത്തിന്റെ പ്രാധാന്യം പോതുജന മനസ്സുകളിലേക്ക് എത്തിക്കുവാനും സാധിക്കും എന്ന് മുസിരിസ് പൈതൃക പദ്ധതി പൂർണമായി വിശ്വസിക്കുന്നു. യുനെസ്കോ ലോക പൈതൃക വാരമായി ആചരിക്കുന്ന ദിനങ്ങളിൽ വിദ്യാർത്ഥികളായ നിങ്ങൾ ഓരോരുത്തരുമാകും പൈതൃക സംരക്ഷക വാഹകർ.